**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിനിരക്ക് നിർണ്ണയിക്കുന്ന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വിതരണ കമ്പനികളുടെ ചെലവിന് അനുസരിച്ച് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ വൈദ്യുത നിയമത്തിന്റെ ചട്ടം ഭേദഗതി ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഉപഭോക്താക്കൾക്ക് വലിയ ബാദ്ധ്യത വരുത്തുന്ന പ്രസ്തുത തീരുമാനത്തിലുള്ള എതിർപ്പ് സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ 29.12.2022ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ [Electricity (Amendment) Rules, 2022] (ചട്ടം 14) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.<br><br>ഭേദഗതി ചട്ടങ്ങൾ പ്രകാരം ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാകുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് ഇടയ്ക്കിടെ വ്യത്യാസപ്പെടാനുള്ള സാധ്യതയുണ്ട്.<br><br>നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം എല്ലാമാസവും ലൈസൻസികൾ ഈടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന് വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽ നിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ, മാസംതോറും വൈദ്യുതി സർച്ചാർജിൽ മാറ്റം വരാൻ സാധ്യതയുണ്ട്.<br><br>ഈ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന |

| | | | |
|---|---|---|---|
| | | | കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ല എന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ആയതിന്റെ പകർപ്പ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ നിലവിൽ സ്വീകരിച്ചുവരുന്ന രീതി വ്യക്തമാക്കുമോ; അംഗീകൃത നഷ്ടത്തിന്റെ ഒരു ഭാഗം റെഗുലേറ്ററി അസറ്റ് ആയി നീക്കിവയ്ക്കുന്ന രീതി തുടരുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ,2021 - ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതി ശരാശരി വൈദ്യുതി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്.<br><br>വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന അടുത്ത വർഷങ്ങളിലേക്കുള്ള പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതിനിയമം 2003, ദേശീയ താരിഫ് നയം, 2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തി വരവു ചെലവു കണക്കുകൾ നിർണയിച്ചാണ് റവന്യൂ കമ്മി തീരുമാനിക്കുന്നത്.<br><br>ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ, വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്കു മുതലിനുള്ള ലാഭ വിഹിതം (Return on Equity) മറ്റ് അനുബന്ധ ചിലവുകൾ എന്നിവ കൂടി കണക്കിലെടുക്കും.<br><br>ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ വൈദ്യുതി ചാർജ് ആയി അടുത്ത വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന |

| | | | |
|---|---|---|---|
| | | | തുകയാണ്. വരവ് ചെലവ് ഇനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്.<br><br>ഇതിനു പുറമേ വൈദ്യുതി നിയമം-2003 ലെ 62-ാം വകുപ്പ് പ്രകാരം ലോഡ് ഫാക്ടർ , പവർഫാക്ടർ, വോൾട്ടേജ്, ഒരു പ്രത്യേക കാലയളവിലേക്കോ സമയത്തേക്കോ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്, ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ, നൽകുന്ന വൈദ്യുതിയുടെ സ്വഭാവം വൈദ്യുതി ഏത് ആവശ്യത്തിനായി ഉപയോഗിക്കുന്നു എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷനുകൾ താരിഫ് നിർണ്ണയിക്കുന്നത്.<br><br>വൈദ്യുതി നിയമം, 2003ലെ മൂന്നാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച താരിഫ് നയം, 2016- ലെ ഖണ്ഡിക 6.2.2 പ്രകാരം ഉപഭോക്താക്കൾക്ക് പിൽക്കാലത്ത് താരിഫിൽ ഉണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിന്, റെഗുലേറ്ററി അസറ്റ് സൃഷ്ടിക്കുന്നത് പ്രകൃതി ക്ഷോഭം മൂലമുള്ള അത്യാവശ്യ ഘട്ടങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള റെഗുലേറ്ററി അസറ്റ് അതിന്റെ സംവഹന ചെലവ് (carrying cost) ഉൾപ്പെടെ 7 വർഷ കാലയളവിനുള്ളിൽ ഈടാക്കുന്നത് ഉറപ്പ വരുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിനു പുറമേ ബഹു അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയുടെ 11.11.2011-ലെ ഉത്തരവു പ്രകാരവും റെഗുലേറ്ററി അസറ്റ് സൃഷ്ടിക്കുന്നത് ഒഴിവാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br><br>റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള റവന്യൂ കമ്മി സമയബന്ധിതമായി നികത്താതെ റെഗുലേറ്ററി അസറ്റ് ആയി മാറ്റി വയ്ക്കുന്നത് ഉപഭോക്താക്കൾക്ക് പിൽക്കാലത്ത് താരിഫിലൂടെ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതും വിതരണ കമ്പനിയുടെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്നതുമാണ്. ആയതിനാൽ റെഗുലേറ്ററി അസറ്റ് സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നത് ആയിരിക്കും അഭികാമ്യമായിട്ടുള്ളത്. മേൽ വിഷയം കേന്ദ്ര സർക്കാരിനോട് അനുമതിക്കായി അപേക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

R. JYOTHILAL I. A. S.
PRINCIPAL SECRETARY

General Administration
Forest & Wildlife and Power Department
Government of Kerala, Secretariat
Thiruvananthapuram-695 001

D.O .No:A1/183/2022/PD Dated:06-09-2022

Dear

This has reference to the your letter No.23/2/2022-R&R dated 12/08/2022. Thank you for seeking comments on Draft Electricity(Amendment) Rules 2022.

Government of Kerala appreciates the efforts taken by the Union Government to address some of the gaps in the Electricity Rules, 2005. We have no comments on suggested modifications other than those on Rules 14 and Rule 19. The comments on the specified rules are the following:

**Rule 14: Timely recovery of power purchase cost by the Distribution Licensee**

As per Rule 14, *the impact in the cost due to variation in price of fuel or power purchase cost shall be automatically passed through in consumer tariff, on monthly basis, using a formula. and true up by Regulatory Commission need to be done only on annual basis.* The suggested process of automatic transfer of impact of cost to the consumer may lead to a situation wherein the consumer, being at the receiving end, will be subjected to fluctuations in the price, frequently. It is also reiterated that the thorough process of prudent check of the state commission, which is absolutely required to ensure that licensee follow merit order dispatch for optimum tariff, is diluted through the suggestion in rule 14. It is also apprehended that this may lead to unstable pricing situations which is being experienced in the petroleum sector, now.

Apart from this, the term PPAC which appears in the computation of FPPAS, is not seen defined. It needs to be clarified whether FPPAS and PPAC are same.

It is also pointed out that there is a disparity in recovering the additional charges stipulated in paras 6 (ii) and 6 (iii) which is detailed below.

According to Para 6 (ii), if FPPAS is above 5% but less than or equal to 10%, 5% FPPAS recoverable by distribution licensee shall be levied on to the consumers and balance shall be recoverable up to 90% automatically using the formula.

As per Para 6 (iii), if FPPAS is more than 10%, automatic cost recovery will be less than that possible in a scenario where FPPAS is between 5% and 10% as provided in para 6 (ii). Hence the amount recoverable for FPPAS greater than 10% is found to be lower than a case when FPPAS is less than 10%.

To sum up, if the DISCOMs are permitted to recover additional charges without any prudency check from the State Regulator, in contrast with the present practice, DISCOMs may generate undue advantage.

**Rule 19: Implementation of uniform tariff in RE Central Pool**

It is understood that the proposal for Central pool has been evolved with the main objective that many DISCOMs who were first movers for the procurement of the RE Power for the development and promotion of the RE sector in the Country are facing peculiar and not so pleasant situation as the RE tariff is declining now.

The following apprehensions need to be addressed

1. As per the proposal, the pool price changes monthly based on weighted average tariff - of both existing and newly added generators. Rapidly varying prices in the RE pool will distort the RE procurement planning of DISCOMs and the pool price can often be higher than the original one. Therefore, a protection clause needs to be included to ensure that variation in pool price shall remain within a reasonable percentage of the weighted average tariff of the pool at the inception of the pool.

2. The minimum duration for which the DISCOMs have to procure from the pool is not specified.

3. There is no clarity on who is the Nodal Agency for maintaining the pool. It is requested that the RE pool may be maintained by NLDC and

the trading margin may be excluded in arriving at the pooled price at which the DISCOMs buy from the pool.

4. The allotment of power from the pool in case the capacity available in the pool is less than the requisitioned quantity is not specified.

I hope that the above apprehensions will be addressed properly before finalising the draft Electricity (Amendment) Rules 2022.

With regards,

Yours Sincerely,

(K R JYOTHILAL)

Shri.D.Chattopadhyay,
Deputy Secretary ,
Shram Shakti Bhavan,Rafi Marg,
New Delhi